13-ാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2216 17.06.2014-ൽ മറുപടിയ്ക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (ബി) | തുടർച്ചയായി നഷ്ടത്തിൽപ്രവർത്തിച്ചുവരുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി അവയുടെ നഷ്ടത്തിന്റെ അടിസ്ഥാനപ്രശ്നം പരിഹരിക്കുന്നതിനുള്ള ദീർഘ/ഹ്രസ്വ കാല പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നീ നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്. മേൽപ്പറഞ്ഞ നടപടികൾക്കായി കഴിഞ്ഞ മൂന്നു വർഷമായി ഏറ്റവും കൂടുതൽ സാമ്പത്തിക സഹായവും (563.67 കോടി രൂപ) കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾക്കായി 100 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. |

(സി) പൂട്ടികിടക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി നടത്തുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(സി) സംസ്ഥാനത്ത് വ്യവസായവകുപ്പിൻെറ അധീനതയിൽ ദീർഘകാലമായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ അവയുടെ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.ഇവയുടെ സ്ഥലമുൾപ്പെടെയുള്ള സൗകര്യങ്ങൾ മറ്റു വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ KINFRA, KSIE, KELTRON, HANVEEV എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

1. നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചു.

2. സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനത്തിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും, കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റുകൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

3. പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.

4. പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും പ്രത്യേകമായ വിശദമായ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു

5. വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയനുസരിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

7. വാണിജ്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് പ്രൊക്യുർമെൻറ്, **ഇ-പേയ്മെൻറ്"** സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴി ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും നടപ്പിലാക്കുന്നതാണ്.

8. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം ഏർപ്പെടുത്തി.

9. മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായി നൂതന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

Hanu
സെക്ഷൻ ഓഫീസർ